KSFE SA
(CITU)

# 2018 മേയ് 4
# അവകാശദിനം

- ശമ്പളപരിഷ്ക്കരണ ചർച്ച ആരംഭിക്കുക.
- കഴിഞ്ഞ ശമ്പളപരിഷ്ക്കരണത്തിലെ ഓപ്ഷൻ ഉൾപ്പെടുന്ന വിഷയങ്ങളിലുള്ള പരാതികൾ പരിഹരിക്കുക.
- 1/14 എന്ന സർക്കാർ ഉത്തരവ് പ്രകാരം ഓഫീസ് അറ്റന്റന്റ് ജീവനക്കാർക്ക് പ്രമോഷൻ നൽകുക.
- ക്ഷാമബത്ത കുടിശ്ശികതീർത്ത് വിതരണം ചെയ്യുക.
- വർക്ക്മെൻ ജീവനക്കാർക്കെതിരെയുള്ള കരിനിയമം - 2/18 സർക്കുലർ പിൻവലിക്കുക.
- 2014 മുതൽ സർവ്വീസിൽ പ്രവേശിച്ച വർക്ക്മെൻ ജീവനക്കാരുടെ പെൻഷൻ, ഗ്രൂപ്പ് ഇൻഷ്വറൻസ് വിഷയങ്ങളിൽ പരിഹാരം ഉണ്ടാക്കുക.
- ശാഖകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക.
- CASBA-യിലെ അപാകതകൾ പരിഹരിക്കുക.

സുഹൃത്തുക്കളേ,

മുകളിൽ കൊടുത്തിരിക്കുന്ന ജീവത്പ്രധാനവും മർമ്മപ്രധാനവുമായ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ (സി.ഐ.ടി.യു) നേതൃത്വത്തിൽ അവകാശദിനം ആചരിക്കുകയാണ്.

പെട്രോൾ/ ഡീസൽ വില നിയന്ത്രിക്കുന്നതിനുള്ള അവകാശം കുത്തകമുതലാളിമാർക്ക് നൽകിയ കോൺഗ്രസ് - ബി.ജെ.പി സർക്കാരുകളുടെ ജനദ്രോഹനയം മൂലം ഏഷ്യൻ രാജ്യങ്ങളിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഏറ്റവും ഉയർന്നവിലയുള്ള രാജ്യം ഇപ്പോൾ ഇന്ത്യയാണ്. അരിയുടെയും ഭക്ഷ്യധാന്യങ്ങളുടെയും മാത്രമല്ല, ജീവൻരക്ഷാ മരുന്നുകളുടെയും വിലകൾ കുത്തനെ ഉയരുന്നതുമൂലം രാജ്യത്ത് ജനങ്ങൾ പൊറുതിമുട്ടുകയാണ്. എന്നാൽ വിലക്കയറ്റത്തിനാനുപാതികമായി കേന്ദ്രസർക്കാർ ക്ഷാമബത്ത പ്രഖ്യാപിക്കുന്നില്ലായെന്ന വിമർശനം ശക്തമാണ്. കേന്ദ്രനയങ്ങൾക്കെതിരെ കൂടുതൽ ശക്തവും വിപുലവുമായ സമരപ്രക്ഷോഭങ്ങൾ രാജ്യമെമ്പാടും ഉയർന്നുവരികയാണ്. ഈ ജനകീയ പ്രക്ഷോഭങ്ങളോട് അവകാശദിനാചരണത്തിലൂടെ സ്റ്റാഫ് അസോസിയേഷൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

കെ.എസ്.എഫ്.ഇ ജീവനക്കാരുടെ ശമ്പളക്കരാറിന്റെ കാലാവധി 2017 ജൂലൈയിൽ അവസാനിച്ചു. പുതിയ കരാർ രൂപീകരിക്കുന്നതിനുള്ള അവകാശപത്രിക നൽകിയെങ്കിലും ചർച്ച ഇതുവരെയും ആരംഭിച്ചിട്ടില്ല. എത്രയും വേഗം ചർച്ച വിളിച്ചുചേർത്ത് ശമ്പളപരിഷ്ക്കരണം നടപ്പാക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടുന്നു. അതുപോലെ തന്നെ കഴിഞ്ഞ ശമ്പളപരിഷ്ക്കരണത്തിൽ ഓപ്ഷൻ നൽകിയതുമായി ബന്ധപ്പെട്ടും ശമ്പളം നിശ്ചയിച്ചതു സംബന്ധിച്ചും ജീവനക്കാർ ഉയർത്തിയ ന്യായമായ പരാതികൾ ഇതുവരെയും പരിഹരിച്ചിട്ടില്ല. പരാതികൾ പരിശോധിച്ച്, എത്രയും വേഗം പരിഹരിക്കണമെന്നാവശ്യപ്പെടുന്നു.

2017 ജൂലൈ മുതലും 2018 ജനുവരി മുതലും കുടിശ്ശികയായ രണ്ടു ഗഡു ക്ഷാമബത്ത അടിയന്തിരമായി പ്രഖ്യാപിച്ച് വിതരണം ചെയ്യണമെന്ന് കേരളാ സർക്കാരിനോടാവശ്യപ്പെടുന്നു. 1/14 എന്ന സർക്കാർ ഉത്തരവ് പ്രകാരം ഓഫീസ് അറ്റന്റന്റ് ജീവനക്കാർക്ക് പ്രമോഷൻ നൽകുന്നതിനുള്ള നടപടികൾ മാനേജ്മെന്റ് ത്വരിതപ്പെടുത്തണം.

പുതുതായി സർവ്വീസിൽ പ്രവേശിച്ച വർക്ക്മെൻ ജീവനക്കാരുടെ പെൻഷൻ, ഗ്രൂപ്പ് ഇൻഷ്വറൻസ് വിഷയങ്ങൾ ഉടൻ പരിഹരിക്കുമെന്നാണ് 2017 സെപ്തംബർ 20ന് HO യിലെ കൂട്ടധർണ്ണയെ തുടർന്ന് മാനേജ്മെന്റ് സംഘടനയ്ക്ക് ഉറപ്പുനൽകിയത്. മാസം പലതു കഴിഞ്ഞെങ്കിലും ഒരു നടപടിയുമുണ്ടായിട്ടില്ല. അടിയന്തിരമായി പ്രശ്നം ചർച്ചചെയ്ത് പരിഹരിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടുന്നു.

കെ.എസ്.എഫ്.ഇയിലെ വർക്ക്മെൻ ജീവനക്കാർക്കെതിരായ കരിനിയമമാണ് 2/18 സർക്കുലർ. ശാഖകളിലെ ഓഫീസർമാരുടെ പിടിപ്പുകേടിന്റെയും അവർ നടത്തുന്ന മാനദണ്ഡലംഘനങ്ങളുടെയും ഫലമായി കെ.എസ്.എഫ്.ഇയ്ക്കുണ്ടാകുന്ന ബാധ്യതയുടെ 50% വർക്ക്മെൻ ജീവനക്കാരുടെ തലയിൽ വച്ചുകെട്ടാനുള്ള ഗൂഢാലോചനയിൽ ജനിച്ചതാണ് 2/18 സർക്കുലർ. എം.ഒ.പിയിലോ സ്റ്റാൻഡിംഗ് ഓർഡറിലോ ഇങ്ങനെയൊരു വ്യവസ്ഥയില്ല. ബാങ്കുകളുൾപ്പെടെയുള്ള ഒരു ധനകാര്യസ്ഥാപനത്തിലും ഇത്തരം ഒരു വ്യവസ്ഥയില്ല. സ്ഥാപനത്തിലെ അസിസ്റ്റന്റ് വിഭാഗം ജീവനക്കാരിൽ വ്യാപകമായ ആശങ്കയുണ്ടാക്കിയ 2/18 എന്ന സർക്കുലർ പ്രസിദ്ധീകരിച്ച തീയതി മുതൽ മുൻകാലപ്രാബല്യത്തോടെ റദ്ദുചെയ്യണമെന്നാവശ്യപ്പെടുന്നു.

കെ.എസ്.എഫ്.ഇ ശാഖകളുടെ uniqueness നഷ്ടപ്പെടുകയാണ്. ചുരുക്കം ചില ശാഖകൾ പശ്ചാത്തല സൗകര്യം ഒരുക്കി ശീതീകരിക്കുമ്പോൾ, മറ്റു ശാഖകൾ തൊഴുത്തിന് സമാനമായി തുടരുന്നു. ജനറേറ്റർ പോലും ഇല്ലാതിരിക്കുക, ദിവസങ്ങളോളം കണക്ടിവിറ്റി കിട്ടാതിരിക്കുക - പ്രശ്നങ്ങൾ നിരവധിയാണ്, പരിഹരിക്കാൻ മാനേജ്മെന്റിന് കഴിയണം. പഴകിയ കമ്പ്യൂട്ടറുകളും പ്രിന്ററുകളും മാറ്റി പുതിയവ സ്ഥാപിക്കണമെന്നും ശാഖകളുടെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തണമെന്നും ബഹുമാനപ്പെട്ട ധനമന്ത്രി നിഷ്ക്കർഷിച്ചിട്ടും ഫലപ്രദമായ തീരുമാനം എടുത്ത് നടപ്പിലാക്കാൻ മാനേജ്മെന്റിന് കഴിയുന്നില്ല. ജീവനക്കാരുടെ പരിശീലന പദ്ധതി ഓഫീസർമാരിൽ തുടങ്ങി ഓഫീസർമാരിൽ അവസാനിക്കുകയാണ്. CASBA വിഷയം 'ചർവിതചർവണം' ആകുമെന്നതിനാലും ജീവനക്കാർക്ക് മനംപിരട്ടലുമുണ്ടാക്കുമെന്നതിനാലും ആവർത്തിക്കുന്നില്ല. CASBAയിലെ അപാകതകൾ തിരുത്തി ജീവനക്കാർക്ക് സ്വസ്ഥമായും സന്തോഷത്തോടും തൊഴിൽ ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിൽ ഇനിയും അമാന്തമുണ്ടായാൽ ശക്തമായി പ്രതികരിക്കുമെന്ന് മാത്രം സൂചിപ്പിക്കുകയാണ്.

GST, TDS എന്നിവയ്ക്ക് കാസ്ബയിൽ മൊഡ്യൂൾ തയ്യാറാക്കി HO തലത്തിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്. അതിനുപകരം ജീവനക്കാരെ ഭ്രാന്ത്പിടിപ്പിക്കുകയാണ്. GST, TDS എന്നിവയുമായി ബന്ധപ്പെട്ട് പഠനം നടത്തി 'വായിച്ചാൽ മനസിലാകുന്ന ഭാഷയിൽ' ഒരു നിർദ്ദേശം നൽകാൻ പോലും മാനേജ്മെന്റിന് കഴിഞ്ഞില്ല. വിശദീകരണകുറിപ്പുകളാണെങ്കിൽ ആശയക്കുഴപ്പം വർധിപ്പിക്കുന്നതാണ്. ഇതോടൊപ്പം Pre-Audit ന്റെ പേരിൽ നടത്തുന്ന അനാവശ്യ സമ്മർദങ്ങളും. യഥാർത്ഥത്തിൽ ജീവനക്കാരെ വട്ടംചുറ്റിക്കുകയാണ് മാനേജ്മെന്റ്. സ്വർണ്ണവായ്പാ പദ്ധതി കുത്തനെ ഇടിയുകയാണ്. CD Ratio നിലംപരിശായി. വായ്പാ പദ്ധതികൾ ശക്തിപ്പെടുത്തി, സ്ഥാപനത്തിന്റെ ലാഭക്ഷമത വർധിപ്പിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് പകരം, ചിട്ടി ബിസിനസിൽ അശാസ്ത്രീയ വർദ്ധനവ് അടിച്ചേൽപ്പിക്കുകയാണ്. സ്ഥാപനത്തിന് ഭൂഷണമല്ലാത്ത അപകടകരമായ മനോഭാവത്തിൽ നിന്നും പിന്തിരിയണമെന്ന് ഈ അവകാശദിനാചരണത്തിലൂടെ ജീവനക്കാർ മാനേജ്മെന്റിനോടാവശ്യപ്പെടുന്നു.

2018 മേയ് 4ന്റെ അവകാശദിനാചരണത്തിൽ എല്ലാ ജീവനക്കാരും പ്രതിഷേധ ബാഡ്ജ് ധരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ അന്നേദിവസം HO/RO/ ജില്ലാ കേന്ദ്രങ്ങളിൽ നടക്കുന്ന പ്രതിഷേധ പ്രകടനത്തിൽ അണിചേരണമെന്നും അഭ്യർത്ഥിക്കുന്നു. സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും ഉത്തമതാൽപ്പര്യം സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ഈ അവകാശദിനാചരണം വിജയിപ്പിക്കണമെന്ന് എല്ലാ വിഭാഗം ജീവനക്കാരോടും സവിനയം അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം
22/4/2018

എസ്.മുരളീകൃഷ്ണപിള്ള
ജനറൽ സെക്രട്ടറി
കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ (CITU)